(ബി) ഇതു സംബന്ധിച്ച് നൽകിയ അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) അടുത്ത അദ്ധ്യയന വർഷം മുതൽ ഈ സ്കൂളിൽ പ്ലസ്ടു കോഴ്സ് തുടങ്ങുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിന് ഈ സ്കൂളിൽ നിന്നുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. കോഴ്സ് അനുവദിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

(ബി) അപേക്ഷകൾ ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(സി) അർഹതയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

ചാലാട് ഗവൺമെന്റ് യു. പി. സ്കൂളിന്റെ പ്രതിമാസ വാടക

77 (2952) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ചാലാട് ഗവൺമെന്റ് യു. പി. സ്കൂളിന്റെ പ്രതിമാസ വാടക എത്രയായിരുന്നു ;

(ബി) വാടക വർദ്ധിപ്പിച്ചിട്ടുണ്ടോ എങ്കിൽ എന്നുമുതൽ ; ഇപ്പോൾ വാടക എത്ര രൂപയാണ് ;

(സി) എത്ര രൂപ വാടക ഇനത്തിൽ കുടിശ്ശിക വന്നിട്ടുണ്ട് ;

(ഡി) ഏത് മാസം മുതൽ ഉള്ള വാടക കൊടുക്കുവാനുണ്ട് ;

(ഇ) വാടക കുടിശ്ശിക ലഭിക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര അപേക്ഷ ലഭിച്ചു ;

(എഫ്) ഈ അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദ വിവരങ്ങൾ നൽകാമോ ;

(ജി) വാടക കുടിശ്ശിക എന്നത്തേയ്ക്ക് കൊടുത്തു തീർക്കുവാനാണ് ഉദ്ദേശിക്കുന്നത് ; ഈ വിവരം അപേക്ഷകനെ അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പാലക്കാട് ഗവൺമെന്റ് യു. പി. സ്കൂളിന്റെ പ്രതിമാസ വാടക 3990 രൂപയായിരുന്നു.

(ബി) ഉണ്ട്. 3-10-1997 മുതൽ പ്രതിമാസ വാടക 6989 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) 3-10-1997 മുതലുള്ള കുടിശ്ശികയായ 2,02,681 രൂപ കൊടുക്കുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 3-10-1997 മുതൽ

(ഇ) ഉണ്ട്. ഒന്ന്.

(എഫ്) വാടകയിനത്തിൽ നൽകാനുള്ള തുക ജില്ലാ പഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്. കുടിശ്ശിക മുഴുവൻ തീർക്കാൻ ഫണ്ട് ലഭ്യമല്ലാതിരുന്നതു കൊണ്ട് കണ്ണൂർ ജില്ലാ പഞ്ചായത്തിന് ഈ ഇനത്തിൽ ആകെ 25,641 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക തീർക്കുന്നതാണ്.

(ജി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക തീർക്കുന്നതാണ്. ഈ വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കുന്നതാണ്.

സർക്കാർ വിദ്യാലയങ്ങൾക്ക് ആവശ്യത്തിന് കെട്ടിടങ്ങളില്ലാത്ത അവസ്ഥ

78 (2953) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ വിദ്യാലയങ്ങൾക്ക് ആവശ്യത്തിന് കെട്ടിടങ്ങളില്ലാതെ വിഷമിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ എന്തു നടപടികൾ ആണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ വിദ്യാലയങ്ങളുടെ നിർമ്മാണചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ബഡ്ജറ്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്കൂൾ കെട്ടിട നിർമ്മാണത്തിനുള്ള തുക വക കൊള്ളിക്കുന്നുണ്ട്.

സ്കൂൾ ശുചീകരണ/പാചകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ

79 (2954) ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ ശുചീകരണ/പാചക തൊഴിലാളികളുടെ പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പത്തും, ഇരുപത്തഞ്ചും വർഷംവരെ പണിയെടുത്തു വരുന്ന പാചക തൊഴിലാളികളെയും സ്കൂൾ ശുചീകരണ തൊഴിലാളികളെയും കൂലി സംബന്ധമായ തർക്കങ്ങളുടെ അടിസ്ഥാനത്തിൽ പിരിച്ചു വിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്കൂളുകളിൽ പാചക തൊഴിലും സ്കൂൾ തൂത്തുവാരുന്ന തൊഴിലും ഒരുമിച്ച് ചെയ്യുന്ന സ്കൂൾ ശുചീകരണ/പാചക തൊഴിലാളികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly